## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 670 10/03/2015-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന സ്ഥലം പതിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് നൽകാനുണ്ട്; വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ടി.ആർ.ഡി.എം. മുഖേന നിലവിൽ ഭൂമി പതിച്ച് നൽകിയിട്ടില്ല. തെരഞ്ഞെടുത്തിട്ടുള്ള 133 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നതിനായി കാട്ടുവെട്ടിത്തെളിച്ച് സർവ്വെ ചെയ്ത് പ്ലോട്ടുകളാക്കി മാറ്റുന്നതിനു വേണ്ടിയുള്ള നടപടികൾ ചിറ്റൂർ തഹസിൽദാർ മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | നെല്ലിയാമ്പതിയിലെ മുഴുവൻ ആദിവാസി വിഭാഗക്കാർക്കും വീടും സ്ഥലവും നൽകുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം പതിച്ചു നൽകുന്ന മുറയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണം ഉൾപ്പെടെ സമഗ്ര പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ